വിവിധ വകുപ്പുകൾക്ക് പദ്ധതി-പദ്ധതിയേതര ചെലവുകൾക്കായി ചെലവഴിച്ച തുക

7 [290] ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2001-02, 2002-03, 2003-04 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തെ വിവിധ വകുപ്പുകൾക്ക് പദ്ധതി-പദ്ധതിയേതര ചെലവുകൾക്കായി ചെലവഴിച്ച തുക എത്ര യെന്നും അതിൽ ഓരോ വകുപ്പും ചെലവഴിച്ച തുക എത്രയെന്നും വകുപ്പ് തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ?

ഉത്തരം

2001-02, 2002-03, 2003-04 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തെ വിവിധ വകുപ്പുകൾക്ക് പദ്ധതി-പദ്ധതിയേതര ചെലവുകൾക്കായി ചെലവഴിച്ച തുക താഴെപ്പറയും പ്രകാരമാണ്.

(രൂപ കോടിയിൽ)

വർഷം	പദ്ധതി ചെലവ്	പദ്ധതിയേതര ചെലവ്
2001-02	2419.74	9961.40
2002-03	3973.51	11731.21

അക്കൗണ്ടന്റ് ജനറലിന്റെ ഒക്ടോബർ 2003-ലെ താൽക്കാലിക കണക്ക് പ്രകാരം നടപ്പ് സാമ്പത്തികവർഷം പദ്ധതിയിനത്തിൽ 1593.26 കോടി രൂപയും പദ്ധതി യേതരയിനത്തിൽ 5564.06 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. ചെലവിനങ്ങളുടെ വകുപ്പടിസ്ഥാനത്തിലുള്ള കണക്ക് ഇപ്പോൾ സൂക്ഷിക്കുന്നില്ല.

ചെക്കുകൾ മാറാൻ കഴിയാത്ത അവസ്ഥ

8 [291] ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2003 മാർച്ച് മാസത്തിനു മുമ്പ് ടി. ഡി. അക്കൗണ്ടിൽ അനുവദിച്ച നിരവധി ചെക്കുകൾ ഇനിയും മാറാൻ കഴിയാത്ത അവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇപ്രകാരം നൽകിയ ചെക്കുകൾ മാറ്റി നൽകാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) വകുപ്പ് മേധാവികൾക്ക് ഇത് സംബന്ധിച്ച് നൽകിയ നിർദ്ദേശത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനിവാര്യമായ കേസുകൾക്ക് സമയബന്ധിതവും അല്ലാതെയുമുള്ള സ്പെഷ്യൽ റ്റി. എസ്. ബി. അക്കൗണ്ടു തുറന്ന് ആവശ്യമായ തുക റ്റി. പി. അക്കൗണ്ടിൽ നിന്നും റ്റി. എസ്. ബി. അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റു ചെയ്ത് അതിലൂടെ തുക മാറുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) വകുപ്പ്/ഓഫീസ് മേധാവികൾക്ക് നൽകിയ സർക്കാർ ഉത്തരവുകളുടെ/ നിർദ്ദേശങ്ങളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്തിട്ടുണ്ട്.†

സംസ്ഥാനത്തിന്റെ പൊതുകടം

9 [292] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പൊതുകടം എത്രയായിരുന്നു;

(ബി) പൊതുകടം 31-12-2003 വരെ എത്രയെന്ന് വ്യക്തമാക്കുമോ;

(സി) രണ്ടര വർഷം കൊണ്ട് പൊതുകടത്തിലുണ്ടായ വർദ്ധനവ് എത്ര ശതമാനമാണ്;

(ഡി) ഈ വർദ്ധനവിനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) 31-3-2001-ലെ പൊതുകടം 23919 കോടി രൂപ.

(ബി) 31-10-2003 വരെയുള്ള കണക്കുകൾ മാത്രമേ അക്കൗണ്ടന്റ് ജനറൽ ക്രോഡീകരിച്ചിട്ടുള്ളു. ടി കണക്കുകളുടെ അടിസ്ഥാനത്തിൽ 31-10-2003 വരെയുള്ള പൊതുകടം 34720 കോടി രൂപ.

(സി) 31-3-2001 മുതൽ 31-10-2003 വരെയുള്ള പൊതുകടത്തിലെ വർദ്ധനവ് 45 ശതമാനമാണ്.

(ഡി) വർദ്ധിച്ചുവരുന്ന പദ്ധതി ചെലവിലേക്കായുള്ള കടമെടുപ്പ്, മുൻകാലങ്ങളിലെ ബാദ്ധ്യതകൾ തീർത്തതിനാൽ റവന്യൂ അക്കൗണ്ടിൽ വന്ന കമ്മി നികത്തുവാനായി വേണ്ടി വന്ന കടമെടുപ്പ്, വൈദ്യുതി ബോർഡിന്റെ 1158.25 കോടി രൂപയുടെ ബാദ്ധ്യത ഏറ്റെടുത്തത് എന്നിവയാണ് പൊതുകടത്തിലെ വർദ്ധനവിനുള്ള കാരണം.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly